**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3880** **03-03-2023 - ൽ മറുപടിയ്ക്ക്**

**കളമശേരിയിൽ പോലീസുകാർക്കെതിരെ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കളമശ്ശേരിയിൽ പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ വിദ്യാർത്ഥി സംഘടനയുടെ വനിതാ നേതാവിനെ പോലീസുകാർ അപമാനിച്ചതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പോലീസുകാർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ഇക്കാര്യം ഉന്നയിച്ച് ലഭ്യമായ ഒരു പരാതിയിൽ നടത്തിയ അന്വേഷണത്തിൽ 11.02.2023 ൽ Z plus കാറ്റഗറി സുരക്ഷയുള്ള മുഖ്യമന്ത്രി കൊച്ചി സിറ്റിയിൽ കണ്ടെയ്നർ റോഡിലൂടെ സഞ്ചരിക്കവെ മുഖ്യമന്ത്രിയുടെ വാഹന വ്യൂഹം തടയാൻ ശ്രമിച്ചുകൊണ്ട് കുറച്ച് പ്രതിഷേധക്കാർ കറുത്ത കൊടികളുമായി വാഹന വ്യൂഹത്തിന് നേരെ ഓടി. ഈ സമയം ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർ പ്രതിഷേധക്കാരെ തടയുകയും, അതിൽ കറുത്ത പാന്റ്സും പാന്റ്സും വെള്ള ഷർട്ടും ധരിച്ച ഒരാൾ വാഹന വ്യൂഹത്തിനു നേരെ ചാടിയപ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലിസ് ഉദ്യോഗസ്ഥൻ ടിയാളെ പിന്നിൽ നിന്നും പിടിച്ചുനിർത്തുകയും ആ സമയം വനിതയാണെന്ന് മനസ്സിലായതിനെ തുടർന്ന് സ്ഥലത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന വനിതാ പോലീസ് ഉദ്യോഗസ്ഥയെ ഏല്പിക്കുകയും ചെയ്തു. അവരെ നിയമപരമായി സ്ഥലത്തുനിന്ന് നീക്കം ചെയ്യുകയാണുണ്ടായത്. ഇക്കാര്യത്തിൽ പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ലാത്തതിനാൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സംഭവത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ബി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ